(സി) ഭാഗ്യക്കുറി വകുപ്പിനെ എൻഫോഴ്സ്മെന്റ് അധികാരത്തിൽ നിന്ന് ഒഴിവാക്കിയതിനുശേഷം എവിടെയെല്ലാം എത്ര റെയ്ഡുകൾ നടന്നു; ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃത ഭാഗ്യക്കുറി വിൽപ്പനയ്ക്കെതിരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) ലോട്ടറി നികുതി കുടിശ്ശിക പിരിച്ചെടുത്ത ഇനത്തിൽ എന്ത് തുക സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇനി എന്ത് തുക ലഭിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) & (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അനധികൃത ഭാഗ്യക്കുറി വിൽപ്പന

35 [214] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി നിയമം നടപ്പിലാക്കിയതിനുശേഷമുള്ള സംസ്ഥാന ലോട്ടറിയുടെ വിറ്റുവരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് അനധികൃതമായി വീണ്ടും അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽപ്പനയാരംഭിച്ചതിനെതിരെ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന ലോട്ടറി ടിക്കറ്റിന്റെ വിൽപ്പനയെ പ്രതികൂലമായി ബാധിക്കുന്ന അന്യസംസ്ഥാന അനധികൃത ലോട്ടറി ടിക്കറ്റ് വിൽപ്പന കണ്ടുപിടിച്ച് കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ടിക്കറ്റ് വിൽപ്പനവഴിയുള്ള മൊത്തവരുമാനം 31.81 കോടി രൂപയാണ്.

(ബി) & (സി) ഇതു സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

(ഡി) കർശനവും മാതൃകാപരവുമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly